**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3988** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഇ.കെ.അയമു സാംസ്കാരിക മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ലെ ബജറ്റിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ മലബാറിലെ പ്രശസ്ത നാടക പ്രവർത്തകനായിരുന്ന ഇ.കെ.അയമുവിന്റെ പേരിൽ സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിന് ടോക്കൺ തുക അനുവദിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഈ വർഷം എത്ര തുകയാണ് ബജറ്റിൽ നീക്കിവെച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാംസ്കാരിക സമുച്ചയ നിർമ്മാണം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. |
| (ബി) | നിലമ്പൂർ ഇ.കെ.അയമു സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വില കൊടുക്കാൻ തയ്യാറായാൽ ഏതെങ്കിലും വകുപ്പിന്റെയോ മറ്റോ കൈവശമിരിക്കുന്ന ഭൂമി ഏറ്റെടുത്ത് നല്കാൻ സാംസ്കാരികവകുപ്പ് തയ്യാറാകുമോ ; | (ബി) | ഇതിനുവേണ്ടിയുള്ള പ്രപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (സി) | നിലമ്പൂർ ഇ.കെ.അയമു സാംസ്കാരിക മന്ദിരം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ഏത് കാര്യാലയത്തെയാണ് സമീപിക്കേണ്ടതെന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരും വിലാസവും അറിയിക്കാമോ; ഇതിനുള്ള പദ്ധതിയും എസ്റ്റിമേറ്റും ഏത് വകുപ്പ് മുഖാന്തിരമാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ? | (സി) | വിശദമായ പ്രപ്പോസൽ (പദ്ധതി വിവരങ്ങളും എസ്റ്റിമേറ്റും സഹിതം) സർക്കാരിലെ സാംസ്കാരിക-കാര്യ വകുപ്പിൽ താഴെ പറയുന്ന മേൽവിലാസത്തിൽ സമർപ്പിക്കാവുന്നതാണ്. പ്രിൻസിപ്പൽ സെക്രട്ടറി സാംസ്കാരിക-കാര്യ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം ഫോൺ നമ്പർ. 0471- 2518890 |

സെക്ഷൻ ഓഫീസർ